സർട്ടിഫൈ ചെയ്ത കോൺട്രാക്ടറുടെ ബില്ലുകൾ പരിശോധനയ്ക്ക് വിധേയ മാക്കിയാണ് പേയ്മെന്റ് നൽകുന്നത്.

(ജി) ഉണ്ട്. കരാറുകാർ കോൺട്രാക്ട് ബില്ലുകൾ എഞ്ചിനീയർക്ക് സമർ പ്പിക്കുന്ന ദിവസം മുതൽ 42 ദിവസത്തിനകം കരാർ തുക നൽകേണ്ടതാണ്. ഇതിനു സാധിക്കാഞ്ഞാൽ കരാർ വ്യവസ്ഥ അനുസരിച്ച് കെ.എസ്.ടി.പി. പലിശ നൽകേ ണ്ടതുണ്ട്. പാസ്സാക്കുന്ന ബില്ലുകൾ പ്രോജക്ട് ഡയറക്ടറും ഫിനാൻസ് കൺട്രോളറും കൂടി ഒപ്പിട്ട ഒരു ദേശസാത്കൃത ബാങ്കിന്റെ ചെക്കായിട്ടാണ് നൽകുന്നത്.

(എച്ച്) ഉണ്ട്. ഒന്നാംഘട്ട പദ്ധതിയിൽ പാക്കേജ് 3-ൽപ്പെട്ട ഓറിയന്റൽ സ്ട്രക്ചറൽ എഞ്ചിനീയേഴ്സ് പ്രൈ. ലി. എന്ന കരാറുകാരൻ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. 30.88 കോടി രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. കേസ് ആർബിട്രേഷന്റെ കോടതിയുടെ പരിഗണനയിലാണ്. നഷ്ടപരിഹാരതുക സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

(ഐ) കരാറുകാരുടെ ബില്ലുകൾ ശരിയായി പരിശോധിക്കുന്നതിന് ഒരു കമ്പ്യൂട്ടറൈസ്ഡ് പ്രോജക്ട്സ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റംസ് ഉണ്ട്. പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതിനും കരാറുകാരുടെ ബില്ലുകൾ സമയബന്ധിതമായി പാസ്സാക്കി നൽകുന്നതിനും ആവശ്യമായ സംവിധാനം ഇപ്പോൾ നിലവിലുണ്ട്.

കെ.എസ്.ടി.പി. പ്രകാരം റോഡുകളുടെ നവീകരണം

56 [637] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ടി.പി. പ്രകാരം സംസ്ഥാനത്തെ റോഡുകളുടെ നവീകരണ ത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും എത്ര കിലോമീറ്റർ റോഡ് നിർമ്മാണം പൂർത്തീകരിച്ചുവെന്നും, അവ ഏതെല്ലാം റോഡുകളാണെന്നും ഓരോ റോഡിനും ചെലവഴിച്ച തുക എത്രയാണെന്നും അറിയിക്കാമോ;

(ബി) കെ.എസ്.ടി.പി. യിൽ റിട്ടയർ ചെയ്ത എത്ര എഞ്ചിനീയർമാരുടെയും, റവന്യൂ ഉദ്യോഗസ്ഥന്മാരുടെയും സേവനം പ്രയോജനപ്പെടുത്തുന്നുണ്ടെന്നും, അവർക്ക് എന്ത് തുക പ്രതിഫലമായി നൽകുന്നുവെന്നും അറിയിക്കാമോ;

(സി) സർക്കാർ സർവ്വീസിൽ മേൽ ഭാഗം ജീവനക്കാർ ആവശ്യത്തിന് ഉണ്ടെന്നിരിക്കെ റിട്ടയർ ചെയ്തവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന്റെ കാരണം വിശദീകരിക്കാമോ?

GPM. 2/574/2012—14

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എസ്.ടി.പി. പദ്ധതി പ്രകാരം സംസ്ഥാനത്തെ റോഡുകളുടെ നവീകരണത്തിനായി ജൂൺ 2005 വരെ 397.66 കോടി രൂപ ചെലവഴിച്ചു. റോഡുകളെ സംബന്ധിക്കുന്ന വിവരങ്ങളും അതിൽ ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) കെ.എസ്.ടി.പി.യിൽ ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് റിട്ടയർ ചെയ്ത നാല് എഞ്ചിനീയർമാരുടെ സേവനം കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒരു എഞ്ചിനീയർക്ക് 20,000 രൂപ നിരക്കിലും മറ്റ് മൂന്ന് പേർക്ക് 15,000 രൂപ നിരക്കിലും പ്രതിമാസ കരാറിലാണ് നിയമനം.

റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും റിട്ടയർചെയ്ത താഴെപ്പറയുന്ന കാറ്റഗറിയിലെ ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

1.	ഡെപ്യൂട്ടി കളക്ടർ	–	2. ഇതിൽ ഒരാൾക്ക് പ്രതിമാസ പ്രതിഫലം 12,000 രൂപ നിരക്കിലും മറ്റേയാൾക്ക് ദിവസക്കൂലിയിനത്തിൽ പ്രതിഫലം നൽകുന്നു.	
2.	തഹസിൽദാർ	–	10	ദിവസക്കൂലിയിനത്തിൽ പ്രതിഫലം നൽകുന്നു. (120 രൂപ മുതൽ 300 രൂപ വരെ)
3.	ഡെപ്യൂട്ടി തഹസിൽദാർ	–	8	
4.	വില്ലേജ് ഓഫീസർ	–	8	
5.	ടൈപ്പിസ്റ്റ്	–	1	
6.	വില്ലേജ്മാൻ	–	3	
7.	ലാസ്റ്റ്ഗ്രേഡ് സർവന്റ്	–	1	

(സി) കെ.എസ്.റ്റി.പി. യിലും പൊന്നുംവില നടപടികൾ ചെയ്യുന്ന റവന്യൂ ഓഫീസിലും ആവശ്യമായ സ്ഥിരം തസ്തികകൾ ഇല്ലാത്ത സാഹചര്യത്തിൽ അടിയന്തിര ജോലികൾ നിർവ്വഹിക്കുന്നതിനാണ് റിട്ടയർ ചെയ്തവരെ ലഭ്യമാക്കിയിട്ടുള്ളത്.

---

†അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം -VI

[11-7-2005 -ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 56 (637) ദയവായി കാണുക]

AWARDED CONTRACT DETAILS

Maintenance Programme

Package No.	*Package*	*Expenditure (₹ Crore)*
Ist Year Maintenance Programme		
RMC-1	Thiruvananthapuram–Thaikod	6.38
RMC-2	Peroorkada–Nedumangad	3.20
RMC-3	Thodupuzha–Kalur–Oonnukal	3.82
RMC-4	Alwaye–Kothamangalam	4.90
RMC-5	Thrissur–Kodungalloor	8.03
RMC-6	Potta–Moonupeedika	5.03
RMC-7	Cherup–Triprayar	2.73
RMC-8	Kozhikkode–Mavoor	3.71
RMC-9	Sultan's Bathery–Pulpally	9.38
RMC-10	Thaliparamba–Iritty	14.34
RMC-11	Narukara–State Border	11.56
RMC-12	Quilandy–Thamarassery	6.50
RMC-13	Cherkala–Jelsoor	10.35
2nd Year Maintenance Programme		
RMC-14	Vizhinjam–Kattakada	4.03
RMC-15	Varkala–Kallambalam	6.60
RMC-16	Kollam–Ayoor	1.92
RMC-17	Kulathupuzha–Anchal–Punalur	5.04

LIBRARY ARCHIVES Kerala Legislative Assembly

Package No.	*Package*	*Expenditure (₹ Crore)*
RMC-18	Ettumanur–Erattupettah	1.93
RMC-19	Kayamkulam–Adoor	5.83
RMC-20	Changanassery–Vazhoor	2.44
RMC-21	Ponjassery–Chithrapuzha	4.41
RMC-22	Vypin–Pallippuram	9.74
RMC-23	Vandanmmedu–Kumbenmedu	3.72
RMC-24	Paramada–Moolamattom-Thodupuzha	5.58
RMC-25	Nilambur–Perumbilavu	7.25
RMC-26	Kuttiyadi–Kelloor	5.71
3rd Year Maintenance Programme		
RMC-27	Thiruvananthapuram–Ponmudi	
RMC-28	Kayamkulam–Mavelikkara	0.23
RMC-29	Mavelikkara–Thiruvalla	0.40
RMC-30	Kozhenchery–Chenganoor	0.29
RMC-31	Chenganoor–Mavelikkara	0.39
RMC-32	Kidangara–Neerettupuram	0.14
RMC-33	Pala–Eerattupettah	
RMC-34	Kumily–Poopara (PART 1)	0.77
RMC-35	Kumily–Poopara (PART 11)	
RMC-36	Vattavada–Top Station-Munnar	0.96
RMC-37	Balussery–Perumpayil	0.17
RMC-38	Perumpayil–Kozhikkode	0.20
RMC-39	Kunnamangalam–Agasthiamoozhi	0.28
RMC-40	Vythiri–Parathodu	0.25
RMC-41	Parathodu–Tharuvanna	0.40
RMC-42	Nedumpoil–Karikkode	0.20
RMC-43	Karikkode–Iritty	0.22

LIBRARY ARCHIVES Kerala Legislative Assembly

Upgradation Programme

Package No.	*Package*	*Expenditure (₹ Crore)*
Phase 1 Upgradation		
KSTP1	1. Thaikod–Kottarakkara 2. Kottarakkara–Chenganoor 3. Thaikod–NH47 4. Alappuzha–Changanaserry	60.97
KSTP3	5. Muvattupuzha–Thodupuzha 6. Muvattupuzha–Angamali	35.25
KSTP4	7. Palakkad–Shornur 8. Thrissur–Kuttipuram	44.06
IWT-01	Kottayam–Vaikkom, Alappuzha-Kottayam & Alappuzha–Changanaserry	11.43

LIBRARY ARCHIVES Kerala Legislative Assembly